(ബി) ഈ സ്കൂളിന്റെ കെട്ടിടനിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാവായിക്കുളം ഗവൺമെന്റ് ഹൈസ്ക്കൂൾ കെട്ടിടംപണി പൂർത്തിയായിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കിളിമാനൂരിൽ പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണം

414 [450] ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് വേണ്ടി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തീകരിക്കും;

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഇത് പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) കിളിമാനൂർ പോലീസ് സ്റ്റേഷനുവേണ്ടി സ്ഥലം ഏറെറടുക്കൽ നടപടി പൂർത്തിയായിട്ടില്ല. 1986–87–ലെ ബഡ്ജറിൽ ഇതിനുള്ള തുക ഉൾക്കൊള്ളിച്ചിട്ടുമില്ല.

കിളിമാനൂരിൽ പോലീസ് ക്വാർട്ടേഴ്സ്

415 [451] ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ക്വാർട്ടേഴ്സ് നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) കിളിമാനൂരിൽ പോലീസ് ക്വാർട്ടേഴ്സിനു വേണ്ടിയുള്ള സ്ഥലം പൊന്നും വിലയ്ക്കെടുത്ത് ഇതേവരെ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിട്ടില്ല. ഇക്കൊല്ലത്തെ (1986–87) ബഡ്ജറിൽ അതിനുള്ള തുക ഉൾപ്പെടുത്തിയിട്ടുമില്ല.

വഖഫ് ബോർഡിന്റെ വരുമാനം

416 [453] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മുതൽ ഇതുവരെയായി എത്ര തുക സംസ്ഥാന വഖഫ് ബോർഡിന് ഗ്രാന്റായി ഗവൺമെന്റിൽനിന്ന് ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly